HGH INDIA® 2019
HOME DECOR ■■■ GIFTS ■■■ HOUSEWARE
JULY 2-4, 2019 MUMBAI, INDIA

NEWS 2

A TEXZONE Event

Where business feels at home!

## ഹോം ടെക്സ്റ്റൈൽസ് ആൻഡ് ഫർണിഷിംഗ്

# കണ്ടെത്താനുണ്ട് ഒട്ടേറെ കാര്യങ്ങൾ!

**ഹോം** ടെക്സ്റ്റൈൽസും ഫർണിഷിംഗ് ഫാബ്രിക്സും ഇന്ത്യൻ ഹോം പ്രൊഡക്ട് വിപണിയുടെ ഏറ്റവും വലുതും സുസ്ഥാപിതവുമായ വിഭാഗമാണ്. എന്നിരുന്നാലും, ഇന്ത്യയിലെ നിലവിലെ വളരെ കുറഞ്ഞ ഉപഭോഗ നിലവാരം കണക്കിലെടുക്കുമ്പോൾ ഈ വിഭാഗത്തിന് ഹ്രസ്വ, ദീർഘകാലാടിസ്ഥാനത്തിൽ വളരെ ഉയർന്ന വളർച്ചാ സാധ്യതയുണ്ട്. മെട്രോകളിലും മിനി മെട്രോകളിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം, റീട്ടെയ്‌ലേഴ്സ്, നിർമ്മാതാക്കൾ, ബ്രാൻഡുകൾ, ഇറക്കുമതിക്കാർ എന്നിവർ വരാനിരിക്കുന്ന 100 സ്മാർട്ട് സിറ്റികളിലും ഇന്ത്യയിലുടനീളമുള്ള ടയർ 2, ടയർ3 നഗരങ്ങളിലും പട്ടണങ്ങളിലും വർദ്ധിച്ചുവരുന്ന ബിസിനസ്സ് അവസരങ്ങൾ പ്രയോജനപ്പെടുത്താൻ സൂക്ഷ്മമായി പരിശോധിക്കണം.

ഇന്ത്യൻ ഹോം ടെക്സ്റ്റൈൽ ലോകമെമ്പാടും അംഗീകരിക്കപ്പെട്ടതാണ്. മെറ്റീരിയലുകളുടെയും വർക്ക്മാൻഷിപ്പിന്റെയും കാര്യത്തിൽ വളരെ ഉയർന്ന നിലവാരമുള്ളതും ഡിസൈനുകളുടെ കാര്യത്തിൽ സർഗ്ഗാത്മകവും ആധുനികത പുലർത്തുന്നവയുമാണ്, അത് പ്രിന്റുകൾ ആകട്ടെ, എംബ്രോയിഡറി, നെയ്ത്ത് ഡിസൈനുകൾ അല്ലെങ്കിൽ ക്രാഫ്റ്റ് വർക്ക് എന്നിവയിൽ എന്തുമാകട്ടെ, യുഎസ്എ, ജർമ്മനി, ഫ്രാൻസ്, യുകെ, ഇറ്റലി, കിഴക്കൻ യൂറോപ്പ്, ജപ്പാൻ, ഓസ്ട്രേലിയ, ചൈന, കാനഡ, മിഡിൽ–ഈസ്റ്റ് ഏഷ്യ തുടങ്ങി എല്ലാ പ്രമുഖ അന്താരാഷ്ട്ര വിപണികളിലും ഇന്ത്യൻ ഉൽപന്നങ്ങൾ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ലോകത്തെ മൊത്തം ഹോം ടെക്സ്റ്റൈൽ കയറ്റുമതിയിൽ ഇന്ന് ഇന്ത്യയ്ക്ക് ഏകദേശം 9% പങ്കുണ്ട്.

അന്താരാഷ്ട്ര തലത്തിൽ ഇന്ത്യ ഉയർന്ന വളർച്ചയും വിപണി നേതൃത്വവും നേടിയിട്ടുണ്ടെങ്കിലും ഇവിടത്തെ ഉൽപാദകർ ആഭ്യന്തര വിപണിയിൽ വിപണന ശ്രമങ്ങൾ ആരംഭിച്ചിട്ട് ഏഴോ എട്ടോ വർഷമേ ആയിട്ടുള്ളൂ. ഹോം ടെക്സ്റ്റൈൽസ് ഉപഭോഗം പ്രതിവർഷം 15–20% വരെ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, വളരെ കുറച്ച് ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ മാത്രമേ ഇന്ത്യയിൽ ലഭ്യമാകുന്നുള്ളൂ. പ്രമുഖ നിർമ്മാതാക്കളെയും കയറ്റുമതിക്കാരെയും അവരുടെ ഹോം ടെക്സ്റ്റൈൽസ് ബ്രാൻഡുകൾ ഇന്ത്യൻ വിപണിയിൽ ശക്തമായ സാന്നിധ്യമാകുന്നതിന് സഹായിക്കുന്നതിൽ എച്ച്ജിഎച്ച് ഇന്ത്യ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.


മാസ്പർ

ബയേഴ്സിന്റെ വീക്ഷണകോണിലൂടെ നോക്കുമ്പോൾ, കൂടുതൽ കൂടുതൽ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ എത്തിച്ചുകൊണ്ട് എച്ച്ജിഎച്ച് ഇന്ത്യ രാജ്യത്തുടനീളമുള്ള ഇന്ത്യൻ വിതരണക്കാർക്കും ചില്ലറ വ്യാപാരികൾക്കും അവരുടെ സോഴ്സിംഗ് സുഗമമാക്കിയിട്ടുണ്ട്.

രാജ്യത്തെ മൊത്തം ഹോം ടെക്സ്റ്റൈൽസ് റീട്ടെയിൽ വിൽപ്പനയുടെ 50% കയ്യാളുന്ന ബെഡ് ഷീറ്റുകളാണ് ആഭ്യന്തര വിപണിയിൽ വിൽക്കുന്ന ഹോം ടെക്സ്റ്റലിന്റെ ഏറ്റവും വലിയ വിഭാഗം. കർട്ടൻ മെറ്റീരിയലുകൾ, അപ്ഹോൾസ്റ്ററി തുണിത്തരങ്ങൾ, ബെഡ് കവറുകൾ, കുഷ്യൻ കവറുകൾ, തലയിണകൾ, ഡ്യൂറികൾ, റഗ്സ്, കാർപെറ്റ് എന്നിവ ഇതിന് പിന്നാലെയുണ്ട്. ബ്ലൈൻഡുകൾക്കുള്ള ആവശ്യം അതിവേഗം വളരുകയാണ്. റെഡിമെയ്ഡ് മാട്രസ്, പില്ലോസ് എന്നിവയും അതിവേഗം വളരുന്ന വിഭാഗങ്ങളിലൊന്നാണ്, വാർഷിക ഉപഭോക്തൃ ഡിമാൻഡ് വളർച്ച പ്രതിവർഷം ഏകദേശം 100% ആണ്.

ഫർണിഷിംഗ് ഫാബ്രിക്സ്: കഴിഞ്ഞ ഒരു വർഷത്തിനിടയിൽ റീട്ടെയിൽ വിൽപ്പനയിലെ പ്രവണതകൾ മന്ദഗതിയിലായിരുന്നിട്ടും, മാറിക്കൊണ്ടിരിക്കുന്ന വിപണി ഘടനയും ചില്ലറ വ്യാപാരികൾക്കിടയിൽ വർദ്ധിച്ചുവരുന്ന മത്സരവും കണക്കിലെടുക്കുമ്പോൾ ടയർ 2, ടയർ 3 നഗരങ്ങളിലും പട്ടണങ്ങളിലും നിരവധി പുതിയ സ്റ്റോറുകൾ ആരംഭിച്ചതിലൂടെ ഉപഭോക്തൃ ആവശ്യങ്ങൾ കുറയുന്നതിനു പകരം ഫർണിഷിംഗ് ഫാബ്രിക്സിൽ നിരവധി പുതിയ പ്ലെയേഴ്സ് രംഗത്തു വന്നിട്ടുണ്ട്. ഫർണിഷിംഗ് ബിസിനസിന്റെ ചലനാത്മകത ഇന്ത്യയിൽ


റുമോർസ്

# ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കോർ, ഹൗസ്‌വെയർ, ഗിഫ്റ്റ്സ് എന്നിവയുടെ അവലോകനം കൊണ്ടുവരുന്നു

മാറിക്കൊണ്ടിരിക്കുമ്പോഴും ഇത് ഉയർന്ന വിപണി സാധ്യതയെ ആണ് സൂചിപ്പിക്കുന്നത്.

എച്ച്ജിഎച്ച് ഇന്ത്യ 2019 ലും ഫർണിഷിംഗ് തുണിത്തരങ്ങൾ വീണ്ടും ഏറ്റവും വലിയ ഉൽപന്ന വിഭാഗങ്ങളിലൊന്നായി തുടരും. ഈ വിഭാഗത്തിൽ ഡിമാന്റ് ഉയരുമെന്നു തന്നെയാണ് വ്യവസായം പ്രതീക്ഷിക്കുന്നതും.

പ്രശസ്ത ഇന്ത്യൻ ബ്രാൻഡുകളായ ഡി ഡെകോർ, ഡിസിടെക്സ്, എഫ് ആൻഡ് എഫ്, ലക്സർ, റൂമേഴ്സ്, സിന്ന, പ്രെറ്റ്–ഫാബ്, കെസി ഫാബ്രിക്സ്, ന്യൂ കാസിൽ, വയ (യുടിഎം), വി ആൻഡ് ജെ, ജെം കളക്ഷൻസ്, റിലയബിൾ ഡ്രാപ്പ്സ് എന്നിവ 2019/20 റീട്ടെയിൽ സീസണിലേക്കായി കർട്ടൻ, ഡ്രാപ്പറി, അപ്ഹോൾസ്റ്ററി, ഡെക്കറേറ്റീവ് ഫാബ്രിക്സ് എന്നിവയ്ക്കുള്ള പുതിയ കളക്ഷനുകളും കാറ്റലോഗുകളും അവതരിപ്പിക്കും.

ഐഎഫ്ഐ (ഗ്രീസ്), ഡിസൈനേർസ് ഗിൽഡ് (യുകെ), സിമ്മർ + റോഹ്ഡെ(ജർമ്മനി), കാസമാൻസ് (ഫ്രാൻസ്), ഹാർലെക്വിൻ (യുകെ), മൈക്രോഫൈബേഴ്സ് (യുഎസ്എ), സെർട്ടെക്സ് (തുർക്കി) എന്നിവ പോലുള്ള പ്രശസ്ത അന്താരാഷ്ട്ര ബ്രാൻഡുകളിൽ നിന്നുള്ള ഏറ്റവും പുതിയ അന്താരാഷ്ട്ര ഫാബ്രിക് ശേഖരങ്ങളും നിങ്ങൾക്ക് കാണാൻ കഴിയും. അവർ നേരിട്ടോ അല്ലെങ്കിൽ അവരുടെ ഇന്ത്യൻ വിതരണ പങ്കാളികൾ വഴിയോ ആണ് കളക്ഷൻ അവതരിപ്പിക്കുന്നത്..

കൂടാതെ, നിരവധി നിർമ്മാതാക്കളും ഫർണിഷിംഗ്, അപ്ഹോൾസ്റ്ററി തുണിത്തരങ്ങളുടെ സ്വകാര്യ ലേബൽ വിതരണക്കാരും മാസ് മാർക്കറ്റിനും പ്രീമിയം സെഗ്മെന്റുകൾക്കുമായി വിപുലമായ സോഴ്സിംഗ് പരിഹാരങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ട്.

**ബെഡ് ആൻഡ് ബാത്ത്:** ഇന്ത്യയിലെ മൊത്തം ചില്ലറ വിൽപ്പനയിൽ 50% വിഹിതമുള്ള ഇന്ത്യയിലെ ഹോം ടെക്സ്റ്റൈൽ വിപണികളിലെ ഏറ്റവും വലിയ വിഭാഗമാണ് ബെഡ് ആൻഡ് ബാത്ത്. ഇത് പ്രതിവർഷം തുടർച്ചയായി 15% വളർച്ച കൈവരിക്കുന്നു. ഇത് ഓരോ വർഷവും നിരവധി പുതിയ പ്ലേയേഴ്സിനെയും ഉൽപ്പന്ന നവീകരണങ്ങളെയും വിപണിയിൽ അവതരിപ്പിക്കുന്നു. ഈ പ്രവണത എച്ച്ജിഎച്ച് ഇന്ത്യ 2019 ൽ വീണ്ടും ശക്തമാകും. ഈ വിഭാഗത്തിൽ 40 ൽ അധികം എക്സിബിറ്റർമാർ ആണ് ഇത്തവണ പങ്കെടുക്കുന്നത്. ബോംബെ ഡൈയിംഗ്, ട്രൈഡന്റ്, ഡി ഡികോർ, മസ്പർ, മൈക്രോ കോട്ടൺ, ബെല്ലാ കാസ, ബോൺഹൂർ, ഡിസിടെക്സ്, സസ്സോൺ, ബിയാൻക, കോപ്സ്, മാർക്ക്–ഹോം, ഫ്ലോറിഡ, സ്റ്റൈല, സോഫ്റ്റ്‌വെയർ തുടങ്ങിയ പ്രമുഖ ബ്രാൻഡുകൾ അവരുടെ നൂതന ഉൽപ്പന്നങ്ങളും പുതിയ ഡിസൈനും വ്യാപാര രംഗത്ത് അവതരിപ്പിക്കുന്നതാണ്. കൂടാതെ, മുംബൈ, അഹമ്മദാബാദ്, ലുധിയാന, പാനിപട്ട്, ജയ്പൂർ, കോയമ്പത്തൂർ, കരൂർ എന്നിവിടങ്ങളിൽ നിന്നുള്ള നിരവധി പ്രമുഖ നിർമ്മാതാക്കൾ തങ്ങളുടെ ബ്രാൻഡുകൾ ഇന്ത്യയുടെ ആഭ്യന്തര വിപണിയിൽ ം അല്ലെങ്കിൽ പ്രൈവറ്റ് ലേബൽ മാനുഫാക്ചറിംഗ് ഫസിലിറ്റിയിൽ ചില്ലറ വ്യാപാരികൾക്കും സ്ഥാപിത ബ്രാൻഡുകൾക്കും വേണ്ടി അവതരിപ്പിക്കുന്നതാണ്.


ഡ്യൂറോഫ്ലെക്സ്

**മാട്രസ്സുകളും പില്ലോകളും:** ആരോഗ്യത്തോടെയിരിക്കുന്നതിനും കായികക്ഷമതയോടെയും കാര്യശേഷിയോടെയും തുടരുന്നതിന് ശരിയായ ഗുണനിലവാരമുള്ള ഉറക്കം ആവശ്യമാണെന്ന് കഴിഞ്ഞ 5–7 വർഷമായി ഇന്ത്യൻ ഉപഭോക്താക്കൾ മനസ്സിലാക്കാൻ തുടങ്ങി. ഈ തിരിച്ചറിവ് വ്യത്യസ്ത വ്യക്തിഗത ആവശ്യങ്ങൾക്ക് അനുയോജ്യമായ മെറ്റീരിയലുകളിലും ടെക്നിക്കുകളിലും നിർമ്മിച്ച ഉയർന്ന നിലവാരമുള്ള മാട്രസ്സ്, പില്ലോ എന്നിവയിൽ വലിയ ഡിമാൻഡ് വളർച്ച ഉണ്ടാക്കിയിട്ടുണ്ട്.

എസ്റ്റാബ്ലിഷ് ചെയ്ത പ്ലേയേഴ്സിൽ നിന്നുള്ള പുതിയ ഉൽപ്പന്നങ്ങൾ, പുതിയ ബ്രാൻഡുകൾ, പുതിയ ശ്രേണി എന്നിവ ഓരോ ദിവസവും വിപണിയിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ഇന്ത്യയിലെ ഈ വിഭാഗത്തിലെ വിപ്ലവകരമായ ആവശ്യകതകളും അവസരവളർച്ചയും, റീട്ടെയ്‌ലേഴ്സ്, ഡിസ്ട്രിബ്യൂട്ടേഴ്സ്, ഇൻസ്റ്റിറ്റ്യൂഷണൽ ബയേഴ്സ്, ഇന്റീരിയർ ഡിസൈനർമാർ എന്നിവർക്ക് ഈ ചലനാത്മകമായ സെഗ്മെന്റിനൊപ്പം നിൽക്കാൻ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

കുർൾ–ഓൺ, സ്പ്രിംഗ് ഫിറ്റ്, ഡ്യൂറോഫ്ലെക്സ്, കിംഗ് കോയിൽ, സെഞ്ച്വറി, നീൽകമൽ, ഡോ. ബാക്ക് തുടങ്ങിയ മികച്ച ബ്രാൻഡുകളിൽ നിന്നുള്ള പുതുമകളും ഏറ്റവും പുതിയ സംഭവവികാസങ്ങളും മനസ്സിലാക്കാൻ എച്ച്ജിഎച്ച് ഇന്ത്യ 2019 സന്ദർശകരെ സഹായിക്കും. കൂടാതെ, മെമ്മോയർ, റിപോസ്, റിലാക്സ്‌വെൽ, റെംകോ, സ്ലീപ്പ്മാക്സ് തുടങ്ങിയ താരതമ്യേന പുതുമുഖങ്ങളും വ്യത്യസ്തമായ മാർക്കറ്റ് സെഗ്മെന്റുകൾക്കായി വൈവിധ്യമാർന്ന മാട്രെസ്സുകളും പില്ലോകളും വാഗ്ദാനം ചെയ്യുന്നുണ്ട്.

**ഡെക്കറേറ്റീവ്മെയ്ഡ്–അപ്പുകൾ:** ഇന്ത്യൻ


അണ്ണ സിമോന

ഉപഭോക്താക്കൾ ഇപ്പോൾ അവരുടെ താമസസ്ഥലങ്ങൾ അലങ്കരിക്കാനായി നന്നായി രൂപകൽപ്പന ചെയ്ത മെയ്ഡ്-അപ്പുകളോടുള്ള താൽപര്യം പ്രകടിപ്പിക്കുന്നുണ്ട്. ആഭ്യന്തര ഡിമാന്റ് പ്രതിവർഷം 20–25% വരെ വർദ്ധിക്കുന്ന ഈ ഉൽപ്പന്നങ്ങൾക്കായി ചില്ലറ വ്യാപാരികൾ ഷെൽഫും ഫ്ലോർ സ്പെയ്സും വർദ്ധിപ്പിക്കേണ്ടതുണ്ട്.

കമഷ്യൻ, കുഷ്യൻ കവറുകൾ, കർട്ടനുകൾ, ബ്ലൈൻഡ്സ്, ബെഡ്കവറുകൾ, ഡുവെറ്റ് കവറുകൾ, ക്വിൽറ്റ്സ്, ത്രോസ്, കംഫർട്ടേഴ്സ്, ഷാംസ്, സോഫ കവറുകൾ, കോർഡ്സ്, ടസ്സലുകൾ, മറ്റ് ഡെക്കറേറ്റീവ് ഹോം ടെക്സ്റ്റൈൽസ് എന്നീ വിഭാഗങ്ങളിൽ ഉയർന്ന നിലവാരമുള്ള ഉല്പന്നങ്ങളും അനന്തമായ രൂപകൽപ്പനകൾക്കും, അലങ്കാര നിർമ്മിതികൾക്കും ഇന്ത്യയുടെ കീർത്തി ലോകത്തിലെമ്പാടും പ്രസിദ്ധമാണ്. ഇതുവരെ അന്താരാഷ്ട്ര വിപണികളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച നിരവധി പ്രമുഖ കയറ്റുമതിക്കാർ ഇപ്പോൾ ഇന്ത്യയുടെ ആഭ്യന്തര വിപണിയുടെ ഉയർന്ന സാധ്യതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇപ്പോൾ അവരുടെ ലോകോത്തര ഉൽപ്പന്നങ്ങൾ ഇന്ത്യൻ റീട്ടെയിലർമാർക്കും ഇന്റീരിയർ ഡിസൈനർമാർക്കും എച്ച്ജിഎച്ച് ഇന്ത്യയിലൂടെ വാഗ്ദാനം ചെയ്യുന്നു. ഈ വർഷവും നിരവധി പതിവ് എക്സിബിറ്റർമാരിൽ നിന്നും പുതിയ എക ്സിബിറ്റർമാരിൽ നിന്നും വിസിറ്റേഴ്സിന് സവിശേഷമായ ഒരു ശ്രേണി കണ്ടെത്താൻ കഴിയും.

മുംബൈ, ഡൽഹി, ജയ്പുർ, പാനിപ്പാറ്റ്, അഹമ്മദാബാദ്, സൂറത്ത്, കൊൽക്കത്ത, കുന്നൂർ, കരൂർ, ചെന്നൈ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള പ്രമുഖ ബ്രാൻഡുകളും പ്രമുഖ കയറ്റുമതിക്കാരും മേൽപറഞ്ഞ ഉത്പന്നങ്ങളിൽ നൂതനമായ ഡിസൈനുകൾ മേളയിൽ പ്രദർശിപ്പിക്കുന്നതാണ്. അന്ന സിമോന (ടെക്സ്റ്റ് ട്രേഡ്,) മസ്പാർ, ആയ്ദാം (ഗ്രാസിം ജൻസേവ ട്രസ്റ്റ്), ലൂം (ശബ്രി ഇന്റർനാഷണൽ) ഹൗസ് ഓഫ് ഇൻകാസ്, ടെക്സ് എൻ 'ക്രാഫ്റ്റ് (ടെക്സ് സ്റ്റൈൽസ്), ബിയാൻക, പാൻ ഓവർസീസ്, ഹോം പ്ലസ് റീട്ടെയ്ൽ, ഇവരിൽ ഭൂരിഭാഗവും അറിയപ്പെടുന്ന കയറ്റുമതിക്കാരുമാണ്, എന്നിവർ പ്രമുഖ എക്സിബിറ്റർമാരിൽ ചിലരാണ്.

പരമ്പരാഗത ഡിസൈനുകൾക്കും വിശിഷ്ടമായ ബ്ലോക്ക് പ്രിന്റിംഗ്, സാങ്കനർ പ്രിന്റുകൾ, ക്വില്ലിംഗ്, എംബ്രോയിഡറി, ക്രാഫ്റ്റ്‌വർക്ക് എന്നിവയ്ക്ക് പേരുകേട്ട, ജയ്പൂരിൽ നിന്നുള്ള ഗോപാലാസ്, സുഖ്സാഗർ, സ്റ്റെർലിംഗ് എന്നിവ മേയ്ഡ്-അപ്പുകളുടെ ശ്രേണി പ്രദർശനത്തിൽ എത്തിക്കും.

**ബ്ലൈൻഡ്സ്:** വെയിൽ സംരക്ഷണത്തിനും അലങ്കാര ഇന്റീരിയറുകൾക്കുമുള്ള പരമ്പരാഗത കർട്ടനുകൾക്കും, വിൻഡോ ഡ്രാപ്പിംഗിനും പകരമായി ബ്ലൈൻഡുകൾ ഇന്ത്യയിൽ കൂടുതൽ പ്രശസ്തി നേടുന്നതിനാൽ, ഇന്ത്യയിൽ നിന്നും മറ്റ് നിരവധി രാജ്യങ്ങളിൽ നിന്നുമുള്ള 25 പ്രമുഖ ബ്രാൻഡുകൾ എച്ച്ജിഎച്ച് ഇന്ത്യ 2019 ൽ അവരുടെ വിശാലമായ ശ്രേണി അവതരിപ്പിക്കും. ഉൽപന്നങ്ങളിൽ റോളർ, വെർട്ടിക്കൽ, വെനേഷ്യൻ, റോമൻ ബ്ലൈന്റുകളും ബ്ലാക്ക് ഔട്ട് കർട്ടനുകളും


ബോംബെ ഡൈയിംഗ്


ടോസോ

# എച്ച്ജിഎച്ച് ഇന്ത്യ 2019: 700 ബ്രാൻഡുകളിൽ നിന്നും മാനുഫാക്ചർമാരിൽ നിന്നും സോഴ്സ് ചെയ്യുന്നു

ഉൾപ്പെടും.ജപ്പാനിൽ നിന്നുള്ള ടോസോ, നെതർലാന്റ്സിൽ നിന്നുള്ള ഫോറെസ്റ്റ്, ഫ്രാൻസിൽ നിന്നുള്ള സോംഫി, യു.എ.ഇയിൽ നിന്നുള്ള പാൻകോൽ, ചൈനയിൽ നിന്നുള്ള എ–ഓക്, ഷെഞ്ജിയങ്ങ് ഡെസെംഗ്ലോങ് എന്നിവ ഇന്ത്യൻ റീട്ടെയിലർമാർ, ഡിസ്ട്രിബ്യൂട്ടേഴ്സ്, ആർക്കിടെക്ചറുകൾ, ഇന്റീരിയർ ഡിസൈനർമാർ എന്നിവർക്കായി തങ്ങളുടെ ഏറ്റവും പുതിയ ഇന്റർനാഷണൽ ഇന്നവേഷൻസ് പ്രദർശിപ്പിക്കുന്നതാണ്.

ഇന്ത്യയിലെ പ്രമുഖവും അതിവേഗം വളരുന്നതുമായ പ്രീമിയം ബ്രാൻഡ് ഡി'ഡെകോർ അവരുടെ പുതിയ ശ്രേണി മുഴുവൻ ഇവിടെ അനാച്ഛാദനം ചെയ്യും. കൂടാതെ, ഇന്ത്യൻ ബ്രാൻഡുകളായ എൻബിടി, നോവ, ഡെക്കോ വിൻഡോ, ടച്ച് ബ്ലൈൻഡ്സ്, ഷേഡസ്, വിയെൻറ്റോ, കസേജ് എന്നിവയും പുതിയ ബ്ലൈൻദുകളുടെ റേഞ്ച് പ്രദർശിപ്പിക്കും. ഇന്ത്യൻ വിപണിയിൽ ബ്ലൈൻഡിന്റെ ആവശ്യം പ്രതിവർഷം 25% കണ്ട് വർദ്ധിക്കുന്നു. ബ്ലൈന്റ്, കർട്ടൻ മെക്കാനിസത്തിൽ സന്ദർശകർക്ക് പുതുമകളും ഓട്ടോമേഷനും അനുഭവിക്കാൻ കഴിയും.

ബാത്ത് മാറ്റ്സ് ആൻഡ് ആക്സസറീസ്: ആരോഗ്യം, ശുചിത്വം, ജീവിതശൈലി നവീകരണം എന്നിവ നിമിത്തം മെച്ചപ്പെട്ട കുളിമുറിയിലേക്ക് ഇന്ത്യൻ ഉപഭോക്താക്കളുടെ അവബോധം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബാത്ത് മാറ്റ്സ്, ബാത്ത്റൂം ആക്സസറികളായ ബാത്ത്റൂം സ്ലിപ്പറുകൾ, ബാത്ത് റോബുകൾ, ഷവർ കർട്ടനുകൾ തുടങ്ങിയവയുടെ 25 ഓളം നിർമ്മാതാക്കൾ, ബ്രാൻഡുകൾ, ഇറക്കുമതിക്കാരും കയറ്റുമതിക്കാരും എന്നിവർ അവരുടെ ശ്രേണി പ്രദർശനത്തിൽ വാഗ്ദാനം ചെയ്യുന്നതാണ്. ഇന്ത്യയിലെ പ്രമുഖ കയറ്റുമതിക്കാരായ പാൻ ഓവർസീസ്, റിവിയേര ടെക്സ്റ്റൈൽസ്, ടെക്സ് എൻ ക്രാഫ്റ്റ്, പാനിപട്ടിൽ നിന്നുള്ള ഹോം ഫ്ലോർ, ദില്ലിയിൽ നിന്നുള്ള സപ്രോസ് എന്നിവ അവരുടെ അന്താരാഷ്ട്ര ഉൽപന്നങ്ങൾ ആഭ്യന്തര വിപണിയിൽ അവതരിപ്പിക്കും. മറുവശത്ത്, ഒബ്സൻഷൻ, ഫ്രീലാൻസ്, ഡിവൈൻ, ഷ്രെസ്മോ തുടങ്ങിയ ബ്രാൻഡുകൾ അതേ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി ചെയ്ത ഡിസൈനർ റേഞ്ചുകൾ അവരുടെ സ്വന്തം ബ്രാൻഡ് നാമത്തിൽ അവതരിപ്പിക്കുന്നതാണ്.

സോപ്പ് ഡിസ്പെൻസറുകൾ, സോപ്പ് ഡിഷ്, ബ്രഷ് ഹോൾഡറുകൾ, സോപ്പ് ഡിഷ്, ടവൽ റിംഗുകൾ, ടോയ്‌ലറ്ററി റാക്കുകളും ട്രേകളും, ബാത്ത് ക്ലോസറ്റുകളും ഉൾപ്പെടെയുള്ള ബാത്ത്റൂം ആക്സസറികളിലെ ഹാർഡ് ഗുഡ്സിൽ ഉൾപ്പെടുന്നു. ഒബ്സെഷൻ, ഫ്രീലാൻസ്, ഡിവൈൻ, ഷ്രെസ്മോ തുടങ്ങിയ ബ്രാൻഡുകൾ ഇറക്കുമതി ചെയ്തതും ഇന്ത്യൻ ഉൽപന്നങ്ങളുടെതുമായ ശ്രേണി പ്രദർശനത്തിൽ അവതരിപ്പിക്കുന്നതാണ്

റഗ്സ് ആൻഡ് കാർപെറ്റ്സ്: കൈകൊണ്ട് നിർമ്മിച്ച റഗ്സ് ആൻഡ് കാർപെറ്റുകളുടെ ലോകത്തിലെ ഏറ്റവും വലിയ കയറ്റുമതി രാജ്യമാണ് ഇന്ത്യ. ലോക വിപണിയിയുടെ



സിഇപിസി



പാൻ ഓവർസീസ്

40% വിഹിതം വരും ഇത്. ഇന്ത്യൻ ആഭ്യന്തര വിപണിയിൽ കൈകൊണ്ട് നിർമ്മിച്ച റഗ്സ് ആൻഡ് കാർപെറ്റുകളുടെ ആവശ്യകത കണക്കിലെടുത്തുകൊണ്ട് കാർപെറ്റ് എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ (സിഇപിസി) നാലാം തവണയും എച്ച്ജിഎച്ച് ഇന്ത്യയിൽ അവരുടെ അംഗങ്ങളുടെ ഗ്രൂപ്പ് പങ്കാളിത്തം സംഘടിപ്പിക്കുന്നുണ്ട്. പ്രശസ്തരായ 19 റഗ്സ് ആൻഡ് കാർപെറ്റ് കയറ്റുമതിക്കാരും ഇന്ത്യൻ റീട്ടെയിലർമാർക്കും വിതരണക്കാർക്കും ഇന്റീരിയർ ഡിസൈനർമാരും സിഇപിസിയുടെ കുടക്കീഴിൽ തങ്ങളുടെ ശ്രേണി പ്രദർശിപ്പിക്കും. ഇത് അവർക്കും ഒപ്പം ചില്ലറ വ്യാപാരികൾക്കും പുതിയ വിപണി അവസരങ്ങൾ തുറന്നു നൽകുന്നതാണ്. ഇന്ത്യൻ വിപണിയിൽ റഗ്സ് ആൻഡ് കാർപെറ്റുകളുടെ ആവശ്യം പ്രതിവർഷം 30–35% വരെ വളരുകയാണ്.

കൈകൊണ്ട് കെട്ടിയതും കൈകൊണ്ട് നെയ്തതുമായ വൈവിധ്യമാർന്ന കാർപെറ്റുകൾ ഇന്ത്യയ്ക്കുള്ളിൽ ധാരാളം ഉത്പാദിപ്പിക്കപ്പെടുന്നു, പക്ഷേ രാജ്യത്തെ ആഭ്യന്തര ഉപഭോഗത്തിനായി ഇറക്കുമതി ചെയ്യുന്ന യന്ത്രനിർമ്മിത റഗ്സുകളെയും കാർപ്പെറ്റുകളെയും ആണ് ഇപ്പോഴും ആശ്രയിക്കുന്നത്. ഇന്ത്യയിലെ പ്രത്യേക വിഭാഗങ്ങൾക്കുള്ള മാർക്കറ്റിൽ കൈകൊണ്ട് നിർമ്മിച്ച റഗ്ഗുകൾക്ക് ഡിമാൻഡുണ്ടെങ്കിലും, പൊതു വിപണിയിലെ വിലയിൽ ശ്രദ്ധയൂന്നുന്ന ഉപഭോക്താക്കൾ തുർക്കി, ബെൽജിയം, ഇറാൻ, ഈജിപ്ത്, ചൈന തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന വിലകുറഞ്ഞ യന്ത്രനിർമ്മിത പരവതാനികളെയാണ് ഇഷ്ടപ്പെടുന്നത്.

പിന്നീട് ഓസ്കാർ എക്സ്പോർട്ട്, ഓവർസീസ് കാർപെറ്റ്സ് പോലുള്ള ചില ഇന്ത്യൻ നിർമ്മാതാക്കൾ ഇന്ത്യയിൽ യന്ത്രനിർമ്മാണ പരവതാനികൾ നിർമ്മിക്കാൻ തുടങ്ങി. വിസിറ്റേഴ്സിന് എച്ച്ജിഎച്ച് ഇന്ത്യ 2019 ൽ നിന്ന് അവരുടെ റേഞ്ചിൽ ഉള്ളവ സോഴ്സ് ചെയ്യാനാകും. കൂടാതെ, സിൽക്ക്, വൂൾ, കോട്ടൺ സിന്തറ്റിക്, റീസൈക്കിൾ മെറ്റീരിയലുകൾ എന്നിവയിൽ കൈകൊണ്ട് നിർമ്മിച്ചതും യന്ത്രം കൊണ്ട് നിർമ്മിച്ചതുമായ കാർപെറ്റുകളും റഗ്ഗുകളും; ഡറീസ്, പ്രേയർ മാറ്റുകൾ എന്നിവയും ഭാദോഹി, പാനിപട്ട്, ജയ്പൂർ, വാരണാസി, ദില്ലി, കശ്മീർ എന്നിവിടങ്ങളിൽ നിന്നുള്ള 25 ഓളം പ്രമുഖ നിർമ്മാതാക്കൾ പ്രദർശനത്തിനെത്തിക്കുന്നുണ്ട്. ക്വാലീൻ, കാർപെറ്റ്സ് ബൈ ആർകെഎസ്, ഓനിക്സ് എന്നിവ പ്രമുഖ എക്സിബിറ്റർമരിൽ ചിലരാണ്.

ടേബിൾ ആൻഡ് കിച്ചൺ ലിനൻ: ഇന്ത്യൻ ഹോം ടെക്സ്റ്റൈൽ വിപണിയിലെ ഏറ്റവും ചെറിയ സെഗ്മെന്റുകളിൽ ഒന്നാണ് ടേബിൾ ആൻഡ് കിച്ചൻ ലിനൻ. എന്നിരുന്നാലും, പാശ്ചാത്യ ജീവിതശൈലിയുടെ സ്വാധീനം പേറുന്ന യുവ, നാഗരിക ഉപഭോക്താക്കളിൽ ഈ വിഭാഗത്തിലെ ആവശ്യം അതിവേഗം വളരുകയാണ്.

എച്ച്ജിഎച്ച് ഇന്ത്യ 2019 ൽ മുംബൈയിൽ നിന്നുള്ള ബിയങ്ക, വിൻമാർക്, കുനാൽ എന്റർപ്രൈസസ്, ദില്ലിയിൽ നിന്നുള്ള മാസ്പാർ, ചെന്നൈയിൽ നിന്നുള്ള ചെന്നൈ ഹോംടെക്സ് എന്നിവർ ഗിഫ്റ്റ് പായ്ക്കുകൾ ഉൾപ്പെടെയുള്ള ബ്രാൻഡഡ് ടേബിൾ ആൻഡ് കിച്ചൻ ലിനൻ പ്രദർശനത്തിൽ കൊണ്ടുവരും. കൂടാതെ, ടേബിൾ കവറുകൾ, ഡൈനിംഗ് നാപ്കിനുകൾ, പ്ലേസ്മാറ്റ്, റണ്ണേഴ്സ്, ബ്രെഡ് ബാസ്കറ്റുകൾ, ആപ്രോൺസ്, മിട്ടൻസ്, കിച്ചൻ ടവലുകൾ, ടീ കോസികൾ തുടങ്ങിയ ഇന്ത്യൻ ശ്രേണിയിലുള്ള കൈത്തറി, പവർലൂം അധിഷ്ഠിത ടേബിൾ ആൻഡ് കിച്ചൻ ലിനൻ ശ്രേണി പ്രദർശിപ്പിക്കുന്നതാണ്. കാരൂരിൽ നിന്നുള്ള ജയകൃഷ്ണ ടെക്സ്, എയർവിൽ ഹോം കളക്ഷൻസ്, ഹോം പ്ലസ് റീട്ടെയിൽസ്, സുപ്പീരിയർ ഹോം ഫാഷൻസ് എന്നിവരാണ് പ്രദർശനത്തിന് എത്തുന്നത്.

കൂടാതെ, ഹാൾ 2, ഹാൾ 3 എന്നിവയിലെ സെജിയാങ് പവലിയനിൽ നിരവധി ചൈനീസ് എക്സിബിറ്റർമാർ ലാമിനേറ്റഡ് ടെക്സ്റ്റൈൽ, പിവിസി, കോട്ടഡ് ഫാബ്രിക്സ് എന്നിവയിൽ നിർമ്മിച്ച കുറഞ്ഞ മെയിന്റനൻസ് മാത്രം വേണ്ട മിറ്റൻസ്, ടേബിൾ കവേഴ്സ്, പ്ലേസ് മാറ്റ്സ്, ടേബിൾ ലിനൻ, കിച്ചൻ ലിനൻ എന്നിവയുടെ വിവിധ റേഞ്ചുകൾ അവതരിപ്പിക്കും. സെജിയാങ് സിറാൻ ഹൗസ്വെയർ കമ്പനി ലിമിറ്റഡ്, യിവുനിക്സിം ഡെയ്‌ലി കമ്മോഡിറ്റി കോ. ലിമിറ്റഡ്, നിങ്ബോ സ്പ്ലെൻഡിഡ് ഹോം ടെക്സ്റ്റൈൽസ് കോ. ലിമിറ്റഡ്, നിങ്ബോ ഹൈഫു എക്സ്പോർട്ട്സ് കോ. ലിമിറ്റഡ്, ചാങ്ഷൂ ലവ് ജോയ് ടെക്സ്റ്റൈൽ ഇംപോർട്ട് ആൻഡ് എക്സ്പോർട്ട് കോ. ലിമിറ്റഡ് എന്നിവരാണ് ഈ സെഗ്മെന്റിലെ ചില പ്രധാന എക്സിബിറ്റേഴ്സ്.


HGH INDIA 2019
HOME DECOR · GIFTS · HOUSEWARE
JULY 2-4, 2019
BOMBAY EXHIBITION CENTRE, MUMBAI

ട്രേഡ് വിസിറ്റേഴ്സ്!

ഓൺലൈനിൽ രജിസ്റ്റർ ചെയ്യുക

www.hghindia.com

2019 ജൂൺ 20 ന് മുമ്പായി

രജിസ്റ്റൻ ചെയ്യൂ രൂ1,000/-

എൻട്രി ഫീസ് ലാഭിക്കൂ

കൂടുതൽ വിവരങ്ങൾക്കും
സഹായത്തിനും ദയവായി ബന്ധപ്പെടുക
അമർ ശർമ്മ. മൊബൈൽ .: +91 99 676 00286 /
എലക അൻസാരി മൊബൈൽ : +91 99 301 72973
മുംബൈ: ഫോൺ: +91 (22) 2421 4111
ഫാക്സ്: +91 (22) 2421 4116
ദില്ലി: ഫോൺ: +91 (11) 2571 4111
ഫാക്സ്: +91 (11) 2571 4116
ഇമെയിൽ: visit@hghindia.com




പാൻ ഓവർസീസ്



ഹോം ടെക്സ്റ്റൈൽസ്

# വിസിറ്റേഴ്സിനുള്ള സൗകര്യങ്ങൾ

## ബിസിനസ് സെന്റർ

ഹാൾ നം. 1ൽ ഒരു ബിസിനസ്സ് സെന്റർ തയ്യാറാക്കിയിട്ടുണ്ട്. ബിസിനസ് സെന്ററിൽ സന്ദർശകർക്കും എക്സ്ബിറ്റേഴ്സിനും കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഡോക്യുമെന്റുകളുടെ പ്രിന്റ് എടുക്കൽ, ബിസിനസ്സ് കാർഡുകളുടെ പ്രിന്റ് എടുക്കൽ, സ്കാനിംഗ്, ഫാക്സ്, സ്റ്റേഷനറി വാങ്ങുക തുടങ്ങിയ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം. ഈ സൗകര്യങ്ങൾ ട്രേഡ് ഷോ ദിവസങ്ങളിൽ (ജൂലായ് 2–4, 2019) രാവിലെ 9:30 നും വൈകിട്ട് 6:30 നും ഇടയിൽ നിരക്ക് നൽകി ലഭ്യമാക്കാവുന്നതാണ്.

## കാർ വാടകയ്ക്ക്

എച്ച്ജി എച്ച് ഇന്ത്യയുടെ നാളുകളിൽ ഏതു ദിവസവും , നമ്മുടെ ഔദ്യോഗിക ട്രാവൽ ഏജന്റ്സ് ആയ നാരായൺ ഹോസ്പിറ്റാലിറ്റി സർവീസിൽ നിന്ന് ഡ്രൈവറുകൾക്കൊപ്പം പേജ് നം 57 ൽ അനക്സ് 8 സൂചിപ്പിക്കുന്ന താരിഫ് പ്രകാരം നിരക്കു കുറഞ്ഞ കാറുകളോ അല്ലെങ്കിൽ ആഡംബര കാറുകളോ വാടകയ്ക്കെടുക്കുവാൻ കഴിയും. നിങ്ങൾക്ക് ട്രേഡ് ഷോ നടക്കുന്ന എല്ലാ 3 ദിവസവും വാഹനം കൈവശം വയ്ക്കാൻ ആഗ്രഹിക്കുന്നെ ങ്കിൽ നിങ്ങളുടെ യാത്രാ ഏജന്റിനെ മുൻകൂറായി അറിയിക്കണം. അതനുസരിച്ച് നിങ്ങളുടെ വാഹനം റിസർവ് ചെയ്യാവുന്നതാണ്. ജൂലൈ മാസം മുംബൈയിൽ മഴക്കാലം ആയതിനാൽ പുറത്തു നിന്നു വരുന്ന എക്സിബിറ്റേഴ്സ് പ്രദർശന ദിവസങ്ങളിൽ കുറഞ്ഞത് ഒരു കാർ പ്രത്യേകമായി റിസർവ് ചെയ്യുന്നത് നന്നായിരിക്കും. എന്നാൽ തീരുമാനം പൂർണ്ണമായും നിങ്ങളുടേതാണ്.

എല്ലാ വിശദാംശങ്ങളും എച്ച്ജിഎച്ച് ഇന്ത്യ വെബ്സൈറ്റിൽ നിന്ന് ലഭിക്കും. അല്ലെങ്കിൽ നിങ്ങൾക്ക് ഇമെയിൽ ചെയ്യാം: travel@hghindia.com.

## കൊറിയർ സർവീസ്

എക്സിബിറ്റേഴ്സിനും സന്ദർശകർക്കുമായി ഹാൾ 1ലെ വിസിറ്റർ രജിസ്ട്രേഷൻ ഡെസ്കിനു സമീപം കൊറിയർ സർവീസ് ഏർപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾക്ക് നിയുക്ത കൊറിയർ ഡെസ്ക് വഴി കൊറിയർ പാക്കറ്റുകൾ അയയ്ക്കുവാനും സ്വീകരിക്കാനും കഴിയും.

## ഹോട്ടലും അക്കൊമഡേഷനും

എച്ച്ജിഎച്ച് ഇന്ത്യ 2019 ന്റെ വേദിയായ ബോംബെ എക്സിബിഷൻ സെന്ററിൽ നിന്നും സൗകര്യപ്രദമായി എത്തിച്ചേരാവുന്ന അകലത്തിൽ ഡിസ്കൗണ്ട് നിരക്കിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനു ബിസിനസ്സ്, ലക്ഷ്വറി, ബജറ്റ് ഹോട്ടലുകളുമായി ചർച്ച നടത്തുകയുണ്ടായി. ഈ കാര്യങ്ങൾക്കായി നമ്മുടെ വെബ്സൈറ്റ്. യുടെ ''ട്രാവൽ'' വിഭാഗം ക്ലിക് ചെയ്യുക. എച്ച്ജിഎച്ച് ഇന്ത്യ 2019 ന്റെ രജിസ്റ്റേഡ് എക്സിബിറ്റേഴ്സിനും സന്ദർശകർക്കും ഈ ഹോട്ടലുകളുടെ പ്രൊഫൈലും നിരക്കും സ്റ്റാർ റേറ്റിംഗും, വേദിയിൽ നിന്നുള്ള ദൂരം , ബന്ധപ്പെടാനുള്ള വ്യക്തി തുടങ്ങിയ വിവരങ്ങൾ ട്രാവൽ ആൻഡ് സ്റ്റേ ലിങ്കിൽ ക്ലിക്ക് ചെയ്ത ശേഷം ലോഗിൻ, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് കണ്ടെത്താം. നിങ്ങൾക്ക് എച്ച്ജിഎച്ച് ഒഫിഷ്യൽ ട്രാവൽ ഏജന്റ്, നാരായൺ ഹോസ്പിറ്റാലിറ്റി മുഖേനെ ഉടനടി നേരിട്ട് ഹോട്ടൽ ബുക്ക് ചെയ്യാവുന്നതുമാണ്. ലഭ്യമായിടത്തെല്ലാം നിങ്ങൾക്ക് സ്പെഷ്യൽ ഡിസ്കൗണ്ടുകളും നിരക്കുകളും ലഭ്യമാക്കുകയും ചെയ്യാം.

എല്ലാ വിശദാംശങ്ങളും എച്ച്ജിഎച്ച് ഇന്ത്യ വെബ്സൈറ്റിൽ നിന്ന് ലഭിക്കും. അല്ലെങ്കിൽ നിങ്ങൾക്ക് ഇമെയിൽ ചെയ്യാം: hotels@hghindia.com.

## ലെഫ്റ്റ് ലഗേജ്

വിസിറ്റേഴ്സിന്റെയും എക്സിബിറ്റേഴ്സിന്റെയും സൗകര്യാർത്ഥം, എച്ച്ജിഎച്ച് ഇന്ത്യ ഹാൾ നം.1 ലും ഹാൾ നം.3ലും സന്ദർശക രജിസ്ട്രേഷനു സമീപം ലെഫ്റ്റ് ലഗേജ് സൗകര്യം ഒരുക്കിയിട്ടുണ്ട്. സന്ദർശകർക്കും എക്സിബിറ്റേഴ്സിനും ഈ സൗകര്യം ട്രേഡ് ഷോ ദിവസങ്ങളിൽ (ജൂലൈ 2 – 4, 2019) രാവിലെ 9.00 മുതൽ വൈകിട്ട് 7.30 വരെ ലഭ്യമാണ്.

## മെഡിക്കൽ സർവീസസ് (ഫസ്റ്റ്എയ്ഡ്)

വിസിറ്റേഴ്സിന്റെയും എക്സിബിറ്റേഴ്സിന്റെയും ആരോഗ്യ സുരക്ഷ കണക്കിലെടുത്ത് ഫസ്റ്റ് എയ്ഡും പ്രാഥമിക ചികിത്സാ സൗകര്യവും എച്ച് ജി എച്ച് ഇന്ത്യ ഒരുക്കിയിട്ടുണ്ട്. ഹാൾ 1 ലെ വിസിറ്റേഴ്സ് രജിസ്ട്രേഷനു സമീപം 'ഫസ്റ്റ് എയ്ഡ്' എന്ന് അടയാളപ്പെടുത്തിയിരിക്കുന്നിടത്ത് ഇത് ലഭ്യമാണ്. ട്രേഡ് ഷോ ദിവസങ്ങളിലും അതിനു മുമ്പുള്ള സജ്ജീകരണ ദിവസങ്ങളിലും( ജൂൺ 29-ജൂലായ് 4) ഹാൾ 1 നു പുറത്ത് ആംബുലൻസ് സൗകര്യം എല്ലാ ദിവസവും ലഭ്യമാകും.

## പാർക്കിംഗ്

ബോംബെ എക്സിബിഷൻ സെന്ററിൽ ഒരു പ്രത്യേക പ്രദേശത്തെ പേ ആൻഡ് പാർക്ക് അടിസ്ഥാനത്തിൽ വിസിറ്റേഴ്സിന്റെ കാർ പാർക്കു ചെയ്യുവാനായി തിരിച്ചിട്ടുണ്ട് . ഈ സൌകര്യം ബോംബെ എക്സിബിഷൻ സെന്റർ നേരിട്ട് നിയന്ത്രിക്കുന്നതാണ്. ട്രേഡ് ഷോ സന്ദർശന സമയത്ത് പ്രതിദിനം ഒരു എൻട്രിക്ക് രൂ.100 ഈടാക്കുന്നതാണ്. ചരക്കു വാഹനങ്ങൾ സന്ദർശകർക്കുള്ള പാർക്കിംഗ് ഏരിയയിൽ പാർക്ക് ചെയ്യാൻ അനുവദിക്കില്ല. സന്ദർശകർക്ക് ബോംബെ എക്സിബിഷൻ സെന്ററിന് അകത്ത് സൗജന്യ പാർക്കിങ് ലഭ്യമാകില്ല.

## പ്രെയർ റൂം

ജൂലൈ 2–4 വരെ നടക്കുന്ന പ്രദർശന സമയത്ത് എക്സിബിറ്റേഴ്സിനും വിസിറ്റേഴ്സിനും ഹാൾ 1, ഹാൾ 3 എന്നിവയിൽ ഒരു പ്രാർഥനാ മുറി സജ്ജീകരിച്ചിട്ടുണ്ട്. കൃത്യമായ സ്ഥലം അടയാളം നോക്കി കണ്ടെത്തുകയോ അല്ലെങ്കിൽ ഹാളുകളിലുള്ള ഇൻഫർമേഷൻ ഡെസ്കിൽ നിന്ന് ലഭ്യമാക്കുകയോ ചെയ്യാം

## റെസ്റ്റോറന്റുകൾ / കഫെറ്റീരിയകൾ

സജ്ജീകരണ ദിനങ്ങളായ 2019 ജൂൺ 9 മുതൽ ജൂലായ് 2 വരെ എക്സിബിറ്റേഴ്സിനും കോൺട്രാക്ടർമാർക്കും അവരുടെ സ്റ്റാഫിനും ഭക്ഷണ പാനീയങ്ങൾ നൽകുന്നതിനായി ഹാൾ 1 നും ഹാൾ 3 നും അകത്തായോ അല്ലെങ്കിൽ അരികിൽ ആയോ ഒരു കഫെറ്റേരിയ പ്രവർത്തിക്കുന്നതാണ്. ബോംബെ എക്സിബിഷൻ സെന്ററിന്റെ ഒരു ഡിവിഷൻ ആയ നെസ്കോ ഹോസ്പിറ്റാലിറ്റിയാണ് ഈ മൊത്തം ഫുഡ്സർവീസും കൈകാര്യം ചെയ്യുന്നത്. നെസ്കോയുടെ ചട്ടങ്ങൾ അനുസരിച്ച് എക്സിബിഷൻ സെന്ററിനകത്ത് പുറമെ നിന്നു ഭക്ഷണം വാങ്ങി കൊണ്ടു വരുവാൻ അനുവദിക്കുന്നതല്ല.

സജ്ജീകരണ ദിവസങ്ങളിലും ട്രേഡ് ഷോ ദിവസങ്ങളിലും എക്സിബിറ്റേഴ്സിനും വിസിറ്റേഴ്സിനും സംഘാടകർ സൗജന്യ കുടിവെള്ളം നൽകും. ബോംബെ എക്സിബിഷൻ സെന്ററിനുള്ളിൽ കഫറ്റേരിയയിൽ നിന്നും റസ്റ്റോറന്റുകളിൽ നിന്നും കുടിവെള്ളം വാങ്ങാം.

ട്രേഡ് ഷോ ദിവസങ്ങളായ 2019 ജൂലൈ 2–4 ന് ഹാൾ 1, ഹാൾ 2, ഹാൾ 3 എന്നിവയ്ക്ക് അകത്തോ അല്ലെങ്കിൽ സമീപത്തോ വിവിധ സ്ഥലങ്ങളിൽ ഭക്ഷണശാലകൾ, കഫറ്റീരിയകൾ, ഫുഡ്കോർട്ടുകൾ എന്നിവ പ്രവർത്തിക്കും ഇതുകൂടാതെ ഹാൾ 1 ന്റെ പുറത്തായി ഓർക്കാഡിൽ (ഗ്രാൻഡേക്കു സമീപം) ഒരു ഔട്ട്ഡോർ കഫറ്റേരിയ പ്രവർത്തിക്കുന്നതാണ്. എല്ലാ എക്സിബിറ്റേഴ്സിനും ട്രേഡ് വിസിറ്റേഴ്സിനും വിഐപികൾക്കും വേണ്ടി സംഘാടകർ എക്സ്ക്ലൂസീവ് ലോഞ്ച് തയ്യാറാക്കിയിട്ടുണ്ട്. ആതിഥേയത്വവും, പാനീയങ്ങളും ഇവിടെ നൽകുന്നുതാണ്.

## ഷട്ടിൽ ബസ് സർവീസ്:

എക്സിബിറ്റേഴ്സിന്റെയും വിസിറ്റേഴ്സിന്റെയും സൗകര്യാർത്ഥം, എച്ച്ജി എച്ച് ഇന്ത്യ, ട്രേഡ് ഷോ വേദിയിൽ നിന്ന് മുംബയ് നഗരത്തിന്റെ പ്രധാനപ്പെട്ട എൻട്രി, എക്സിറ്റ് പോയിന്റുകളിലേക്കും സമീപത്തുള്ള റെയിൽവേ സ്റ്റേഷനുകളിലേക്കും പ്രത്യേക ഷട്ടിൽ ബസ് സർവീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ആഭ്യന്തര, അന്താരാഷ്ട്ര വിമാനത്താവളം, പ്രധാന റെയിൽവേ സ്റ്റേഷനുകൾ ആയ സി.എസ്.എംടി (മുംബൈ വി.ടി.), മുംബൈ സെൻട്രൽ, ബോറിവ്‌ലി (ഈസ്റ്റ്), ഗോരെഗാവ് (ഈസ്റ്റ്), അന്ധേരി (ഈസ്റ്റ്), ദാദർ (ഈസ്റ്റ്) തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. എച്ച്ജി എച്ച് ഇന്ത്യ വേദിയിൽ നിന്ന് വിവിധ ഹോട്ടലികളിലേക്കും പ്രത്യേക ഷട്ടിൽ ബസ് സർവീസ് ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ പോയിന്റു കളിൽ നിന്നുള്ള പിക് അപ്പിന്റെ നിർദ്ദേശിത സമയക്രമം വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. എന്നിരുന്നാലും, ഇവ മാറ്റത്തിന് വിധേയമാണ്. ഷെഡ്യൂൾ പിക് അപ് പോയിന്റ് സംബന്ധിച്ച അന്തിമ വിവരങ്ങൾ ഞങ്ങളുടെ വെബ്സൈറ്റ് www.hghindia.com ൽ ട്രാവൽ, വിസിറ്റർ സർവിസ് ആൻഡ് എക്സിബിറ്റർ എന്ന ലിങ്കിൽ കാണാം. ഇത് ഇൻഫർമേഷൻ ഡെസ്കിലും ബസ്സുകളുടെ അകത്തും വേദിയിലെ ബോർഡിംഗ് പോയിന്റി ലും ലഭിക്കും.

അപ്ഡേറ്റ് ചെയ്ത ഷെഡ്യൂളിന്റെയും ഡ്രോപ്പ് പോയിന്റുകളുടെയും വിശദാംശങ്ങൾ ട്രേഡ് ഷോ വെബ്സൈറ്റായ www.hghindia.com ൽ 'വിസിറ്റേഴ്സ്'' അല്ലെങ്കിൽ ''എക്സിബിറ്റേഴ്സ്' -ൽ കാണാം.ഇവ രണ്ടിലും സബ് മെനു ''ജനറൽ ഫസിലിറ്റീസ്'', ''റീച്ചിംഗ് ദി വെന്യൂ '' എന്നിവ കാണാം, ഈ ശീർഷകത്തിനു കീഴിൽ ഷട്ടിൽ ബസ് ഇനം പരിശോധിക്കുക. ഇൻഫർമേഷൻ ഡെസ്ക്കുകൾ, ഇൻഫർമേഷൻ കിയോസ്ക്, ബസുകളുടെ ഉള്ളിൽ, വേദിയിലെ ബോർഡിംഗ് പോയിന്റുകൾ എന്നിവിടങ്ങളിലും ഷെഡ്യൂൾ കാണാം.

## ട്രാവൽ സർവീസ്

എച്ച് ജി എച്ച് ഇന്ത്യയുടെ ഔദ്യോഗിക ട്രാവൽ ഏജന്റ്സ് ആയ നാരായൺ ഹോസ്പിറ്റാലിറ്റി സർവീസസ് എക്സിബിറ്റേഴ്സിനും വിസിറ്റേഴ്സിനും സമഗ്രമായ യാത്രാ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. ആഭ്യന്തര, അന്തർദേശീയ വിമാന ടിക്കറ്റ്, വാടക കാർ, ഹോട്ടൽ റിസർവേഷൻ, ഇന്ത്യയിലൊട്ടാകെയുള്ള പ്രധാന വിനോദകേന്ദ്രങ്ങളിലേക്ക് പാക്കേജ് ടൂർ എന്നിവ ഏർപ്പാടാക്കി കൊടുക്കുന്നു. മുംബൈ നഗരത്തിലും ചുറ്റുമായി ഹ്രസ്വ ടൂർ പാക്കേജുകളും അവർ വാഗ്ദാനം ചെയ്യുന്നു. ട്രാവൽ സെക്ഷനിലൂടെ നിങ്ങൾക്ക് ട്രാവൽ ഏജന്റുമായി ബന്ധപ്പെടാൻ കഴിയും.

എച്ച്ജിഎച്ച് ഇന്ത്യയിൽ ഹാൾ നം 1 ൽ ഒരു ട്രാവൽ ഡെസ്ക് ഉണ്ടായിരിക്കും. ഔദ്യോഗിക ട്രാവൽ ഏജന്റ് നിയന്ത്രിക്കുന്ന ഡെസ്കിൽ നിന്ന് എക്സിബിറ്റേഴ്സിനും സന്ദർശകർക്കും ജൂലൈ 2– 4, 2019 വരെ എല്ലാ യാത്രാ സേവനവും ലഭ്യമാക്കാവുന്നതാണ്.

അവസാന നിമിഷത്തെ തിരക്കും അസൗകര്യവും ഒഴിവാക്കുന്നതിന്, നിങ്ങളുടെ താമസ സൗകര്യവും മറ്റ് യാത്രാ ക്രമീകരണങ്ങളും നേരത്തെ തന്നെ ഏർപ്പാടാക്കുന്നത് അഭികാമ്യമായിരിക്കും.

## കുട സേവനം:

മഴക്കാലം പരിഗണിച്ച്, എച്ച്ജിഎച്ച് ഇന്ത്യ യുടെ ഹാൾ 1ലും 2ലും3 ലും പ്രവേശന കവാടത്തിനു സമീപം ഒരു കുട സർവീസ് കൗണ്ടർ ഏർപ്പെടുത്തിയിട്ടുണ്ട്. ട്രേഡ് ഷോ സന്ദർശിക്കുന്ന എക്സിബിറ്റേഴ്സിനും സന്ദർശകർക്കും അവരുടെ കുടകൾ ഇവിടെ സൂക്ഷിക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കും. സന്ദർശകർക്ക് ഈ ബൂത്തുകളിൽ സുരക്ഷിതമായി തങ്ങളുടെ കുടകൾ സൂക്ഷിക്കുകയും വേദി വിടുന്ന സമയത്ത് തിരികെ വാങ്ങാവുന്നതുമാണ്. ഇതിനായി ഒരു ടോക്കൺ നൽകും. ട്രേഡ് ഷോ നടക്കുന്ന ദിവസങ്ങളിൽ (ജൂലൈ 2 – 4, 2019) രാവിലെ 9.00മുതൽ വൈകിട്ട് 7.30 വരെ സൗജന്യമായി ഈ സേവനം ലഭിക്കും.